# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1482:** **11/02/2013- ൽ മറുപടി നൽകേണ്ടിയിരുന്നത്**

## പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതിയുടെ സംസ്ഥാനത്തെ പ്രവർത്തനം

**ചോദ്യം** **ഉത്തരം**

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ :**
**" എ. എം. ആരീഫ് :**
**ശ്രീമതി. കെ. എസ്. സലീഖ:**
**ശ്രീ. ബി. സത്യൻ :**

**ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി**
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പ്രധാനമന്ത്രിയുടെ തൊഴിൽ ദാന പദ്ധതിയുടെ സംസ്ഥാനത്തെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; പദ്ധതിയുടെ പ്രവർത്തന പുരോഗതിയെക്കുറിച്ച് വിശദമാക്കാമോ; | (എ) | പ്രധാനമന്ത്രിയുടെ തൊഴിൽ ദാന പദ്ധതി 2012-13 സാമ്പത്തിക വർഷത്തിൽ വ്യവസായ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള സംസ്ഥാനതല അവലോകന കമ്മിറ്റി 20/06/2012, 27/11/2012 എന്നീ തീയതികളിൽ വിശദമായ അവലോകനം ചെയ്യുകയുണ്ടായി. കൂടാതെ 06/07/12- ൽ തൃശ്ശൂർ വച്ച് സംസ്ഥാനതല ശില്പശാലയിലും, 28/01/2013-ൽ എറണാകുളത്തും, 30/01/2013-ൽ കോഴിക്കോട്ടും, 01/02/2013-ൽ തിരുവനന്തപുരത്തും വെച്ച നടന്ന മേഖലാതല ത്രൈമാസ അവലോകന സമിതിയിൽ ബാങ്കുകളും, പദ്ധതി നടപ്പിലാക്കുന്ന ഏജൻസികളുടെ (ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ, ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്, ജില്ലാ വ്യവസായ കേന്ദ്രം) പ്രതിനിധികളും ലീഡ് ബാങ്ക് മാനേജർമാർ, ഇഡിപി പരിശീലന കേന്ദ്രത്തിന്റെ മേധാവികൾ തുടങ്ങിയവരെ പങ്കെടുപ്പിച്ച കൊണ്ട് റിസർവ്വ് ബാങ്ക് പ്രതിനിധി, സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ നേതൃത്വത്തിൽ നടപ്പു പദ്ധതി അവലോകനം ചെയ്യുകയും, ഈ സാമ്പത്തിക വർഷം 20/02/2013-ന് മുമ്പായി വിവിധ ഏജൻസികളിൽ ലഭ്യമായ അപേക്ഷകളിന്മേൽ ബാങ്കിന്റെ തീരുമാനം എടുക്കുന്നതിനും നിർദ്ദേശം നൽകി. |
| (ബി) | കേരളത്തിൽ ഈ വർഷം പ്രയോജനപ്പെടുത്താമായിരുന്ന തുകയുടെ എത്ര ശതമാനം വിനിയോഗിക്കുകയുണ്ടായി; വിനിയോഗത്തിന്റെ കുറവുണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ പ്രധാന കാരണങ്ങളെയും കാരണക്കാരേയും കുറിച്ച് വിശദമാക്കാമോ; | (ബി) | നടപ്പ് സാമ്പത്തിക വർഷം 32.65 കോടി രൂപയാണ് പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതി പ്രകാരം കേരളത്തിലേക്ക് വകയിരുത്തിയിട്ടുള്ളത്. അതിന്റെ 20% നാളിതുവരെ വിതരണം ചെയ്തു കഴിഞ്ഞു. വിവിധ ഏജൻസികൾ ബാങ്കുകളിലേക്ക് 50 കോടി രൂപയുമേൽ മാർജിൻ മണി വരുന്ന പദ്ധതികൾ ശുപാർശ ചെയ്ത് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇവ അംഗീകരിക്കുന്ന പക്ഷം 2013 മാർച്ച് 31-ന് മുമ്പായി സംസ്ഥാനത്തിന് അനുവദിച്ച മുഴുവൻതുകയും വിനിയോഗിക്കുവാൻ സാധിക്കും. |

| | | | |
|---|---|---|---|
| (സി) | കേന്ദ്ര ഫണ്ടിനു പുറമെ ബാങ്കുകളിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വിഭാവനം ചെയ്ത തുക എത്രയായിരുന്നു; ചെറുകിട സംരംഭങ്ങൾക്കുള്ള ബാങ്ക് വായ്പയ്ക്ക് സംരംഭകർ നൽകേണ്ട ഉറപ്പ് സംബന്ധിച്ച് സർക്കാരും ബാങ്കുകളും എടുത്ത നിലപാട് എന്തായിരുന്നു; | (സി) | പി.എം.ഇ.ജി.പി. പദ്ധതി പ്രകാരം സംരംഭകർ 5% മുതൽ 10% വരെ പദ്ധതി തുകയുടെ സ്വന്തം മുതൽമുടക്കായും സർക്കാരിൽ നിന്നും മാർജിൻ മണി ധനസഹായമായി 25% മുതൽ 35% വരെയും നൽകി വരുന്നു. ആയതിനാൽ ബാങ്കുകളിൽ നിന്നും വിഭാവനം ചെയ്ത വായ്പത്തുക പദ്ധതി ചെലവിന്റെ 60% മുതൽ 65% വരെയാണ്. പ്രസ്തുത വായ്പകൾക്ക് റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ നിർദ്ദേശ പ്രകാരമുള്ള സി.ജി.റ്റി.എസ്.എം.ഇ. സ്കീമിന്റെയും Collateral Free സംവിധാനത്തിന്റെയും ആനുകൂല്യങ്ങൾ സംരംഭകർക്ക് ലഭിക്കുന്നതാണ്. |
| (ഡി) | പ്രസ്തുത പദ്ധതി പ്രകാരം ലഭിച്ച മൊത്തം അപേക്ഷകൾ എത്രയായിരുന്നു; എത്ര സംരംഭങ്ങൾക്ക് വായ്പ നൽകുകയുണ്ടായി; വിശദാംശം വ്യക്തമാക്കുമോ? | (ഡി) | നടപ്പ് സാമ്പത്തിക വർഷം 4635 അപേക്ഷകൾ ലഭിക്കുകയും, ജില്ലാ തല ടാസ്ക് ഫോഴ്സ് കമ്മിറ്റി 2968 അപേക്ഷകൾ അംഗീകരിക്കുകയും അവ ബാങ്കുകളിലേക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. അതിലുള്ള 414 പദ്ധതികൾക്കായി 6061 കോടി രൂപ മാർജിൻ മണി ധനസഹായമായി വിതരണം ചെയ്തു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ